(ബി) പുതുതായി താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട സ്ഥലങ്ങളിൽ സൃഷ്ടിക്കപ്പെട്ട തസ്തികകളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

THQH	വർക്കല	20
"	ഫോർട്ട്	36
"	വണ്ടൂർ	2
"	അരീക്കോട്	19
"	പാറശ്ശാല	9
"	പള്ളുരുത്തി	9
"	കട്ടപ്പന	16

കൂടാതെ കാഷ്വാലിറ്റി സംവിധാനം നിലവിൽ ഇല്ലാത്ത 35 താലൂക്ക് ആശുപത്രികളിലും, താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുവേണ്ടി 2 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലുമായി ആകെ 37 സ്ഥാപനങ്ങളിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ (അസിസ്റ്റന്റ് സർജൻ)മാരുടെ തസ്തികകൾ കൂടി സൃഷ്ടിച്ചിട്ടുണ്ട്.

ഡോക്ടർമാരുടെ മിന്നൽ പണിമുടക്ക്

113 (802) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഡോക്ടർമാർ എത്ര തവണ പണിമുടക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; ഇതിൽ മിന്നൽ പണിമുടക്കിന്റെ കണക്ക് പ്രത്യേകം ലഭ്യമാക്കാമോ ?

ഉത്തരം

എട്ട് തവണ വിവിധ തരത്തിലുള്ള പണിമുടക്കും സമരവും നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2011

നിസ്സഹകരണ സമരം	- ഫെബ്രുവരി 27
സൂചനാ പണിമുടക്ക്	- മെയ് 3
അനിശ്ചിതകാല സമരം	- ജൂലൈ 30 മുതൽ

LIBRARY ARCHIVES Kerala Legislative Assembly

2013

പണിമുടക്ക് (സ്റ്റേറ്റ്‌വൈഡ്) - മാർച്ച് 1

2014

ഒരു ദിവസത്തെ ടോക്കൺ സമരം - ജനുവരി 29

അനിശ്ചിതകാല സമരം(തിരുവനന്തപുരം ജില്ല) - ജനുവരി 29

അനിശ്ചിതകാല സമരം(സ്റ്റേറ്റ്‌വൈഡ്) - ഫെബ്രുവരി 3

2015

അനിശ്ചിതകാല നിരാഹാര സമരം - സെപ്റ്റംബർ 9

മിന്നൽ പണിമുടക്ക് സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

ഡോക്ടർമാരുടെ ഒഴിവുകൾ

114 (803) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകൾ എന്നു മുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ പാരാമെഡിക്കൽ സ്റ്റാഫിന്റെ ഒഴിവുകൾ നികത്തുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ PHC കളിൽ ഡോക്ടർമാരുടെ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഡി) താലൂക്ക് ആശുപത്രി ഉൾപ്പെടെയുള്ള ആശുപത്രികളിൽ അത്യാവശ്യ മരുന്നുകൾ പോലും ലഭ്യമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി മരുന്നുക്ഷാമം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആറ് ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്. ഒഴിവുകൾ നിലവിൽ വന്ന തീയതി ചുവടെ ചേർക്കുന്നു:

1. സൂപ്രണ്ട് - 1-6-2014 മുതൽ
2. കൺസൾട്ടന്റ്(മെഡിസിൻ) - 1-6-2010 മുതൽ

LIBRARY ARCHIVES Kerala Legislative Assembly